# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5698 | 05.07.2013 ൽ മറുപടിയ്ക്ക്

എഞ്ചിനീയറിംഗ് അദ്ധ്യാപക തസ്തികകളിലേക്ക് നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.റ്റി.ബൽറാം | | ശ്രീ. പി.കെ. അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | കേരളത്തിലെ ഗവ.എഞ്ചിനീയറിംഗ് കോളേജുകളിൽ വിവിധ വിഷയങ്ങൾക്കായി ഒഴിഞ്ഞ് കിടക്കുന്ന അദ്ധ്യാപക തസ്തികകളുടെ എണ്ണം എത്രയാണ് ; | എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഗവ.എഞ്ചിനീയറിംഗ് കോളേജുകളിൽ വിവിധ വിഷയങ്ങളിലായി 105 (നൂറ്റി അഞ്ച്) അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്. |
| ബി) | പ്രസ്തുത തസ്തികകൾ നികത്താത്തതിനുള്ള കാരണം വ്യക്തമാക്കുമോ; | ബി) & സി) | പ്രൊഫസർ/അസോസിയേറ്റ് പ്രൊഫസർ തസ്തികകളുടെ യോഗ്യത സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതിയിൽ വ്യവഹാരങ്ങൾ നിലവിലുണ്ട്. ആയതിനാൽ പ്രൊമോഷൻ നടത്തുവാൻ നിർവാഹമില്ല. എന്നാൽ പി.എസ്.സി ലിസ്റ്റ് നിലവിലുള്ള വിഭാഗങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ ഉണ്ടായിരുന്ന ഒഴിവുകളെല്ലാം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| സി) | തസ്തികകൾ പ്രമോഷൻ മുഖേന നികത്തുന്ന കാര്യം പരിഗണിക്കുമോ; | | |
| ഡി) | എഞ്ചിനീയറിംഗ് അദ്ധ്യാപക തസ്തികകളിലേക്ക് നിയമനം നൽകുന്നതിന് വേണ്ടി പി.എസ്.സി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; | ഡി) | സിവിൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ& ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഇൻഫർമേഷൻ ടെക്നോളജി, കെമിക്കൽ എഞ്ചിനീയറിംഗ് എന്നീ വിഭാഗങ്ങളിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. കൂടാതെ സിവിൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ& ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ് എന്നീ വിഭാഗങ്ങളിൽ സ്പെഷൽ റിക്രൂട്ട്മെന്റിനുള്ള റാങ്ക് ലിസ്റ്റും നിലവിലുണ്ട്. |

| | | | |
|---|---|---|---|
| ഇ) | ഇല്ലെങ്കിൽ എഞ്ചിനീയറിംഗ് അദ്ധ്യാപക തസ്തികകളിലേക്ക് നിയമനം നൽകുന്നതിന് വേണ്ട റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ പി.എസ്.സി.ക്ക് നിർദ്ദേശം നൽകുമോ? | ഇ) | പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത വിഭാഗങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലെ ഒഴിവുകളെല്ലാം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ